പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4469 — 04/02/2014 ൽ മറുപടിയ്ക്ക്

## ഭൂമി തട്ടിപ്പിൽ പങ്കാളിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ശ്രീരാമകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ ഉൾപ്പെട്ട ഭൂമി തട്ടിപ്പ് ഏതെല്ലാം ജില്ലകളിലാണ് നടന്നിട്ടുള്ളത്; | (എ) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ ഉൾപ്പെട്ടിട്ടുണ്ടെന്ന് ആരോപിക്കുന്ന രണ്ട് കേസുകൾ തിരുവനന്തപുരം ജില്ലയിലും എറണാകുളം ജില്ലയിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത തട്ടിപ്പിലൂടെ കൈവശപ്പെടുത്തിയ ഭൂമിയുടെ അളവ് എത്ര; | (ബി) തർക്ക വിഷയമായ ഭൂമി തിരുവനന്തപുരം ജില്ലയിൽ 44.50 ഏക്കറും എറണാകുളം ജില്ലയിൽ 1.16 ഏക്കറുമാണ്. |
| (സി) ഭൂമി തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; അന്വേഷണത്തിൽ റവന്യൂ ഉദ്യോഗസ്ഥർ തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ<br><br>(ഡി) തട്ടിപ്പിന് കൂട്ടുനിന്നതായി റിപ്പോർട്ടിൽ പരാമർശിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; | (സി) യും (ഡി) യും കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ, ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ ശ്രീ.എം.പ്രസന്നകുമാർ, അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), ശ്രീ.വി.എം.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), എറണാകുളം ശ്രീമതി.കൃഷ്ണകുമാരി സി.ആർ, അഡീഷണൽ തഹസീൽദാർ, കണയന്നൂർ, ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട്, ശ്രീ.സാബു.കെ.എസ്, വില്ലേജ് ഓഫീസർ, തൃക്കാക്കര നോർത്ത് വില്ലേജ് മുതലായവരെ കുറ്റക്കാരാണെന്ന് പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തിയ തൃക്കാക്കര നോർത്ത് വില്ലേജ് ഓഫീസറായ ശ്രീ.കെ.എസ്.സാബുവിനെയും , കണയന്നൂർ അഡീഷണൽ തഹസീൽദാറായിരുന്ന ശ്രീമതി.കൃഷ്ണകുമാരിയെയും 12.12.13-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും അവശേഷിക്കുന്ന ശ്രീ.മുഹമ്മദ് ബഷീർ, ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ശ്രീ.എം.പ്രസന്നകുമാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം,ശ്രീമതി.ബി.ജയശ്രീ, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | തിരുവനന്തപുരം താലൂക്കിലെ കടകംപള്ളി വില്ലേജിലെ ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് ശ്രീ.വിദ്യോദയ കുമാർ മുൻ വില്ലേജ് ഓഫീസർ, ശ്രീ.അബ്ദുൾ ഗഫൂർ, മുൻ സ്പെഷ്യൽ വില്ലേജ് ഓഫീസർ, ശ്രീ.അജികുമാർ, മുൻ വില്ലേജ് അസിസ്റ്റന്റ് എന്നിവരെ നേരത്തേ തന്നെ തിരുവനന്തപുരം ജില്ലാ കളക്ടർ അച്ചടക്ക നടപടിക്ക് വിധേയരാക്കുകയും കഠിന ശിക്ഷ നൽകി എസ്5-72284/06 നമ്പർ നടപടിക്രമ പ്രകാരം നടപടി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ.പി.എം.സുബ്രമണ്യം പിള്ള (മുൻ വില്ലേജ് ഓഫീസർ കടകംപള്ളി)യെ ലാന്റ് റവന്യൂ കമ്മീഷണറുടെ 19.12.13ലെ എൽ.ആർ.ഡി3-48665/13 നമ്പർ നടപടിക്രമം പ്രകാരം സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ഭൂമി തട്ടിപ്പിൽ പങ്കാളിയായ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിന്നും രേഖാമൂലമുള്ള ഉത്തരവുകൾ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ